2022 ഫെബ്രുവരി 10 • വ്യാഴാഴ്ച മാതൃഭൂമി

# കേരളത്തിൽ നിക്ഷേപത്തിന് യു.എ.ഇ. വ്യവസായികൾ സന്നദ്ധരെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം** ▸ കേരളത്തിൽ വ്യവസായമേഖലയിൽ നിക്ഷേപം നടത്താൻ യു.എ.ഇ.യിലെ വ്യവസായികൾ എല്ലാ പിന്തുണയും അറിയിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

ഹോട്ട്പാക്ക് 200 കോടിയുടെ നിക്ഷേപവും മുരല്യ 100 കോടിയുടെ നിക്ഷേപവും നടത്താൻ സന്നദ്ധത അറിയിച്ചു. ട്രാൻസ് വേൾഡ്, ഷറഫ് ഗ്രൂപ്പ് എന്നിവരും നിക്ഷേപ സന്നദ്ധത അറിയിച്ചതായി മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ പറഞ്ഞു.

ദുബായ് എക്സ്പോ വേദിയിൽ സ്വീകരണം നൽകിയ യു.എ.ഇ. വൈസ് പ്രസിഡൻറും പ്രധാനമന്ത്രിയും ദുബായ് ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിനോട് മെച്ചപ്പെട്ട വ്യവസായ സൗഹൃദാന്തരീക്ഷം ഒരുക്കുന്ന കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്താൻ മുൻകൈയെടുക്കണമെന്ന് അഭ്യർഥിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

യു.എ.ഇ. സാമ്പത്തികവകുപ്പ് മന്ത്രി അബ്ദുല്ല ബിൻ തൗഖ് അൽ മാരിയുമായും കൂടിക്കാഴ്ച നടത്തി. സർക്കാർ, സ്വകാര്യ മേഖലകളിൽ നിന്നുള്ള നിക്ഷേപകരെ കേരളത്തിലേക്ക് സ്വാഗതംചെയ്തു. ഇതിനായി സർക്കാർ എല്ലാ പിന്തുണയും നൽകുമെന്ന് ഉറപ്പുനൽകി.

അബുദാബിയിൽ രാജകുടുംബാംഗവും യു.എ.ഇ. കാബിനറ്റ് മന്ത്രിയുമായ ശൈഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാനോട് കേരളത്തിലെ നിക്ഷേപ സാഹചര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു.

വാണിജ്യ, വ്യവസായ രംഗത്തെ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിൻെറ ഭാഗമായി അബുദാബി ചേംബറിൻെറ ഉന്നതതല സംഘം കേരളം സന്ദർശിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അബുദാബി ചേംബർ ചെയർമാൻ അബ്ദുള്ള മുഹമ്മദ് അൽ മസ്റോയിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനം. കോവിഡ് വ്യാപനം കുറയുന്ന മുറയ്ക്ക് സംഘം കേരളത്തിലെത്തും.

യു.എ.ഇ.യിലെ എല്ലാ കൂടിക്കാഴ്ചകളിലും ഒപ്പമുണ്ടായിരുന്ന ലുലു ഗ്രൂപ്പ് ചെയർമാനും നോർക്ക വൈസ് ചെയർമാനുമായ എം.എ. യൂസഫലി, യു.എ.ഇ.യിലെ ഇന്ത്യൻ സ്ഥാനപതി സഞ്ജയ് സുധീർ എന്നിവർക്കും മുഖ്യമന്ത്രി നന്ദി പറഞ്ഞു.